13261
29/7/19

**File No.SH2/149/2016-GAD-Part(1)**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

പൊതു ഭരണ വകുപ്പ്- ജീവനക്കാര്യം - ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്പെഷ്യൽ ലെയ്സൺ ഓഫീസറുടെ നിയമനവും -താൽകാലിക തസ്തിക സൃഷ്ടിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു ഭരണ (സർവ്വീസസ്-എച്ച്)വകുപ്പ്

G.O.(Rt)No.4474/2019/GAD തീയതി,തിരുവനന്തപുരം, 27/07/2019

പരാമർശം:- 04.01.2019 ലെ സ.ഉ (കൈ) നം. 01/2019/നിയമ നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ കക്ഷിയായിട്ടുള്ള പ്രധാനപ്പെട്ട കോടതി കേസുകളുടെ മേൽനോട്ടം വഹിക്കുന്നതിനും അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി നിരന്തരം ബന്ധപ്പെട്ട് പ്രസ്തുത കേസുകളുടെ അവസ്ഥ നിരീക്ഷിക്കുന്നതിനും വേണ്ടി ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്പെഷ്യൽ ലെയ്സൺ ഓഫീസറുടെ ഒരു താൽക്കാലിക തസ്തിക കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിച്ചു കൊണ്ടും, ശ്രീ.എ വേലപ്പൻ നായർ-നെ (തണൽ, ഹൗസ് നം. 57/3540, വിനോബ നഗർ നം.170, ചിലവന്നൂർ, കടവന്ത്ര, കൊച്ചി -682 020) പ്രസ്തുത തസ്തികയിലേക്ക് നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു. സ്പെഷ്യൽ ലെയ്സൺ ഓഫീസറുടെ പ്രവർത്തനം എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി ബന്ധപ്പെട്ടായതിനാൽ ഇതിനാവശ്യമായ ഓഫീസ് സൗകര്യങ്ങൾ അഡ്വക്കേറ്റ് ജനറൽ, കേരളം നൽകേണ്ടതാണ്. പ്രസ്തുത തസ്തികയുടെ സേവന വേതന വ്യവസ്ഥകൾ ഹൈകോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡറുടെ സേവന വേതന വ്യവസ്ഥകൾക്ക് സമാനമായിരിക്കുന്നതും, ടി. തസ്തികയുടെ കാലാവധി രണ്ട് വർഷമായിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ശ്രീ.എ.വേലപ്പൻ നായർ, തണൽ, ഹൗസ് നം.57/3540, വിനോബ നഗർ നം.170, ചിലവന്നൂർ, കടവന്ത്ര, കൊച്ചി-682 020
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി, തിരുവനന്തപുരം (വെബ് & ന്യൂ മീഡിയ)
സ്റ്റേഷണറി കൺട്രോളർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം
നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്
പൊതു ഭരണ (അക്കൗണ്ട്സ് - എ, സി, പി, ആർ) വകുപ്പുകൾ
പൊതു ഭരണ (എച്ച്.കെ.സി, എസ്.സി.എൽ) വകുപ്പുകൾ
പൊതു ഭരണ (എസ്.സി) വകുപ്പ് (17.07.2019 ലെ ഇനം.നം.3192 പ്രകാരം)
ആഭ്യന്തര (എസ്.സി.) വകുപ്പ്
ധനകാര്യ (വ്യയം) വകുപ്പ് (E.1260448: EXP-A1/334/2019-FIN തീയതി 26.07.2019 പ്രകാരം)
അറ്റൻഡ്സ് മാനേജ്മെന്റ് സെൽ, സെക്രട്ടറിയേറ്റ്
വിവര സാങ്കേതികവും ഇലക്ട്രോണിക്സും (ഐ.ടി സെൽ ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 17-07-2019**

JUL 2019
15138

ഇനം നം: 3192
O.A.

വിഷയം : നിയമ വകുപ്പ് - പ്രധാനപ്പെട്ട കോടതി കേസുകളുടെ അവസ്ഥ നിരീക്ഷിച്ച് അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി നിരന്തരം ബന്ധപ്പെട്ട് മേൽനോട്ടം വഹിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു സ്പെഷ്യൽ ലെയ്സൺ ഓഫീസറായി അഡ്വ. എ. വേലപ്പൻനായരെ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

18/7/19

950
18/7/19

3192 - **O.A**

(17.07.2019)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

25.05.2019-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറൽ, പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ, സ്റ്റേറ്റ് അറ്റോർണി, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്ത് കോടതികളിലെ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. യോഗത്തിൽ സർക്കാർ വകുപ്പുകളും അഡ്വക്കേറ്റ് ജനറൽ ഓഫീസും മറ്റ് പ്ലീഡർമാരും തമ്മിൽ കൂടുതൽ ഏകോപനത്തിന്റെ ആവശ്യമുണ്ടെന്ന് വിലയിരുത്തലുണ്ടായി.

യോഗത്തിന്റെ തീരുമാനങ്ങളിലൊന്ന് താഴെ പറയുന്നതാണ്:

"പ്രധാനപ്പെട്ട കേസുകളുടെ അവസ്ഥ നിരീക്ഷിച്ച് അഡ്വക്കേറ്റ് ജനറൽ ഓഫീസുമായി നിരന്തരം ബന്ധപ്പെട്ട് മേൽനോട്ടം വഹിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു സ്പെഷ്യൽ ലെയ്സൺ ഓഫീസറെ നിയമിക്കണം."

-2-

## തീരുമാനിക്കേണ്ട കാര്യം

1. 25.05.2019 ലെ ഉന്നതതല യോഗത്തിലെ തീരുമാനത്തിന്റെ ഭാഗമായി കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്ന അഡ്വ. എ. വേലപ്പൻനായരെ (*'തണൽ', ഹൗസ് നം. 57/3540, വിനോബ നഗർ നം. 170, ചിലവന്നൂർ, കടവന്ത്ര, കൊച്ചി-682 020)* മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്പെഷ്യൽ ലെയ്സൺ ഓഫീസറായി നിയമിക്കുന്ന കാര്യം പരിഗണിക്കാമോ?
2. സ്പെഷ്യൽ ലെയ്സൺ ഓഫീസറുടെ പ്രവർത്തനം എറണാകുളത്ത് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസുമായി ബന്ധപ്പെട്ടായിരിക്കണമെന്നും ഇതിനാവശ്യമായ ഓഫീസും സൗകര്യങ്ങളും അഡ്വക്കേറ്റ് ജനറൽ നൽകണമെന്നും തീരുമാനിക്കാമോ?

* * *